4033

# സിദ്ധവൈദ്യപ്രകാശിക

The Mathrubhumi Ptg. & Pbg. Co. Ltd.
CALICUT.

മാതൃഭൂമി
Since 1923

സ്വാമി രാമാനന്ദൻ.

Swami Ramananda
SIDDHA VAIDYASHRAMAM
Sree Narayanapuram
TRICHUR.
4033

# സിദ്ധവൈദ്യപ്രകാശിക

(രാമാനന്ദചന്ദ്രിക.)

The Mathrubhumi Ptg. & Pbg. Co., Ltd.
CALICUT

ഗ്രന്ഥകർത്താ:

സ്വാമി രാമാനന്ദൻ.

അദ്വൈതാശ്രമം, ശ്രീനാരായണപുരം,

തൃശ്ശിവപേരൂർ.

(പകർപ്പവകാശം സ്വായത്തം)

1117

ഒന്നാംപതിപ്പ് കോപ്പി 500.

ഗുരുവിലാസം പ്രസ്സ്, തൃശ്ശിവപേരൂർ.

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

Swami Ramananda
SIDHA VAIDYASRAMAM
CALICUT.
Rs. 1-0



സ്വാമി രാമാനന്ദൻ.

ശ്രീ.

ഗുരുചരണാരവിന്ദാഭ്യാം നമഃ

# മുഖവുര.

സിദ്ധവൈദ്യം

ആയുൎവ്വേദത്തിൽനിന്നു വ്യതിരിക്തമായി നില്ക്കുന്ന ഒരു ശാസ്ത്രമല്ല. വിസ്തീൎണ്ണമായിക്കിടക്കുന്ന ആയുൎവ്വേദത്തിൻെറ മൎമ്മഭാഗങ്ങളെ അഗസ്ത്യർ, ഭോഗർ, പുലിപ്പാണി മുതലായ സിദ്ധന്മാർ വിചിന്തനംചെയ്തു, ലോകോപകാരാൎത്ഥം ചുരുക്കമായി എടുത്തു വിവരിച്ചിട്ടുള്ള വൈദ്യശാസ്ത്രത്തെയാണു് സിദ്ധവൈദ്യമെന്നു പറയുന്നതു്. കേരളത്തിൽ ചിന്താമണി എന്നു വിഖ്യാതമായിരിക്കുന്ന സിദ്ധവൈദ്യം ഓരോ സിദ്ധന്മാരും എഴുതിട്ടുള്ള അനേകഗ്രന്ഥങ്ങളെക്കൊണ്ടേ—ഒരു പൂൎണ്ണഗ്രന്ഥമെന്നു പറയുവാൻ നിവൃത്തികാണുന്നുള്ളു. അഷ്ടാംഗഹൃദയം, ചരകം, മുതലായ ഗ്രന്ഥങ്ങളെപോലെ സൂത്രം, നിദാനം, ചികിത്സിതം മുതലായ സ്ഥാനത്രയങ്ങളെ കൊണ്ടു് പൂൎണ്ണമായിട്ടുള്ള ഒരു ഗ്രന്ഥമെന്ന സ്വരൂപത്തിൽ സിദ്ധവൈദ്യഗ്രന്ഥം കാണുവാൻ കഴിയുന്നില്ല. ഓരോരൊ ഗ്രന്ഥങ്ങളിൽനിന്നും അനേകം സൂക്ഷ്മതത്വങ്ങളെ എളുപ്പത്തിൽ മനസ്സിലാകുവാൻ തക്കവണ്ണം അതിസൂക്ഷ്മമായി സിദ്ധവൈദ്യത്തിൽനിന്നു കാണുവാൻ

Since 1923

ശ്രീ.

ഗുരുചരണാരവിന്ദാഭ്യാം നമഃ

# മുഖവുര.

സിദ്ധവൈദ്യം

ആയുൎവ്വേദത്തിൽനിന്നു വ്യതിരിക്തമായി നില്ക്കുന്ന ഒരു ശാസ്ത്രമല്ല. വിസ്തീൎണ്ണമായികിടക്കുന്ന ആയുൎവ്വേദത്തിന്റെ മൎമ്മഭാഗങ്ങളെ അഗസ്ത്യർ, ഭോഗർ, പുലിപ്പാണി മുതലായ സിദ്ധന്മാർ വിചിന്തനംചെയ്തു, ലോകോപകാരാൎത്ഥം ചുരുക്കമായി എടുത്തു വിവരിച്ചിട്ടുള്ള വൈദ്യശാസ്ത്രത്തെയാണ് സിദ്ധവൈദ്യമെന്നു പറയുന്നതു്. കേരളത്തിൽ ചിന്താമണി എന്നു വിഖ്യാതമായിരിക്കുന്ന സിദ്ധവൈദ്യം ഓരോ സിദ്ധന്മാരും എഴുതീട്ടുള്ള അനേകഗ്രന്ഥങ്ങളെക്കൊണ്ടേ—ഒരു പൂൎണ്ണഗ്രന്ഥമെന്നു പറയുവാൻ നിവൃത്തികാണുന്നുള്ളു. അഷ്ടാംഗഹൃദയം, ചരകം, മുതലായ ഗ്രന്ഥങ്ങളെപോലെ സൂത്രം, നിദാനം, ചികിത്സിതം മുതലായ സ്ഥാനത്രയങ്ങളെകൊണ്ടു് പൂൎണ്ണമായിട്ടുള്ള ഒരു ഗ്രന്ഥമെന്ന സ്വരൂപത്തിൽ സിദ്ധവൈദ്യഗ്രന്ഥം കാണുവാൻ കഴിയുന്നില്ല. ഓരോരൊ ഗ്രന്ഥങ്ങളിൽനിന്നും അനേകം സൂക്ഷ്മതത്വങ്ങളെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ തക്കവണ്ണം അതിസൂക്ഷ്മമായി സിദ്ധവൈദ്യത്തിൽനിന്നു കാണുവാൻ

Since 1923

കഴിയുന്നതാണ്. വാഗ്ഭടാചാൎയ്യർ "രാഗാദിരോഗാൻ സതതാനുഷക്താൻ" എന്നു തുടങ്ങി രോഗഹേതുക്കളെ അതിസൂക്ഷ്മമായി പറയുന്നതിനെ, സിദ്ധന്മാർ വിവരിക്കുന്നതു പഠിച്ചുതന്നെ അറിയേണ്ടതാണ്. രാഗാദിദോഷങ്ങളെക്കൊണ്ടു കലുഷങ്ങളായ ചേതോവ്യാപാരങ്ങളിൽനിന്നും ഉന്നതങ്ങളായ കൎമ്മദോഷങ്ങളുടെ പാപസഞ്ചയങ്ങളിൽനിന്നും തജ്ജന്യങ്ങളായ ദുരാചാരങ്ങളിൽനിന്നും രോഗഹേതുക്കളെ സിദ്ധവൈദ്യഗ്രന്ഥം വിവരിക്കുന്നതായികാണാം. അതായതു സിദ്ധന്മാർ രോഗഹേതുക്കൾ സൂക്ഷ്മങ്ങളും സ്ഥൂലദോഷങ്ങളായിട്ടുമാണ് ലോകദൃഷ്ടിയിൽ വെളിപ്പെടുത്തുന്നത്. രോഗകാരണങ്ങളേയും രോഗലക്ഷണങ്ങളേയും വിവരിച്ചതിനുശേഷം കൎമ്മദോഷങ്ങൾക്കു മനസ്സാന്തരപ്പെടുന്നതിനു പ്രായശ്ചിത്തരൂപങ്ങളായും രോഗങ്ങൾക്കു ഔഷധരൂപങ്ങളായുമുള്ള ദ്വിവിധചികിത്സകളെക്കൊണ്ടു സൂക്ഷ്മശരീരചികിത്സയും സ്ഥൂലശരീരചികിത്സയും വിധിച്ചതായി കാണാവുന്നതാണ്. കാരണത്തിനു ചികിത്സചെയ്യാതെ കാൎയ്യത്തിനുമാത്രം ചികിത്സചെയ്യുന്നതായാൽ പ്രായോഗികമായ നിലയിൽ ചില രോഗങ്ങളിൽ ആൎത്തന്മാൎക്കു സുഖമുണ്ടാവുകയില്ലെന്ന തത്വം സിദ്ധന്മാരായ ആ യോഗിവൎയ്യന്മാർ—തത്വശാസ്ത്രപാരംഗതന്മാരായ ആ ആചാൎയ്യന്മാർ—തങ്ങളുടെ യോഗദൃഷ്ടികൊണ്ടറിഞ്ഞിട്ടുള്ളതു എത്ര യഥാൎത്ഥമായിട്ടുള്ളതാണു.

കൎമ്മകലയുടെ സൂക്ഷ്മബീജങ്ങളടങ്ങീട്ടുള്ള ജീവകോടികളുടെ അന്തഃകരണവ്യാപാരം ദോഷങ്ങളുടെ ഉച്ചനീ

ങ്ങളനുസരിച്ച് ജീവനാഡികളിൽകൂടി ധാതുക്കളിലേക്ക ധാവനം ചെയ്തുവരുന്നതിനെ കണ്ടു മനസ്സിലാക്കുന്നതിന്നു വൈദ്യശാസ്ത്രത്തിൽ അഷ്ടാംഗപരീക്ഷണം സവിസ്തരം വിധിച്ചിട്ടുണ്ട്. എന്നാൽ മനോവ്യാപാരം പ്രഥമമായും പ്രധാനമായും സ്ഫുരിക്കുന്നത് നാഡിവഴിക്കായതുകൊണ്ടും അന്തഃകരണജന്യങ്ങളായിരിക്കുന്ന രോഗങ്ങളെ സുലഭമായി അറിയുന്നതിന്നു നാഡിപരീക്ഷണം പ്രധാനമായിട്ടാണ് സിദ്ധന്മാർ അംഗീകരിച്ചിട്ടുള്ളത്. "നാഡി നടൈയറിയാതാർ വിയാതികാണാർ" എന്നു അഗസ്ത്യമഹർഷി തീർത്തുപറഞ്ഞിട്ടുണ്ട്. മററു പരീക്ഷണങ്ങൾ നാഡിപരീക്ഷണജ്ഞാനത്തെ ദൃഢപ്പെടുത്തുന്നതിന് മാത്രമായിട്ടാണ് ഉപയോഗിക്കേണ്ടതെന്നാണ് സിദ്ധന്മാരുടെ അഭിപ്രായംകൊണ്ടു വെളിവാകുന്നത്. രോഗികളോടന്വേഷിച്ചറിയുന്നത് ഏറക്കുറെ തെററിപോകാവുന്നതും തെററിദ്ധരിക്കാവുന്നതുമാണല്ലോ. ആയതുകൊണ്ടു രോഗജ്ഞാനത്തിന്നു പ്രധാനമായി അംഗീകരിക്കേണ്ടതു നാഡിപരീക്ഷണംതന്നെയാണ്.

നാഡിപരീക്ഷണംകൊണ്ടു ത്രിദോഷദോഷങ്ങളെ അറിയാവുന്നതുപോലെ ഏകദേശം ആയുർദ്ദൈർഘ്യത്തെയും അറിയാവുന്നതാണ്. പഞ്ചഭൂതങ്ങളുടെ ക്രമാതീതമായിരിക്കുന്ന വ്യാപാരങ്ങളെകൊണ്ടു ലോകത്തിന്നു ഭൂചലനം ജലപ്രളയം മുതലായതുകളാൽ നാശങ്ങൾ സംഭവിക്കുന്നതുപോലെ ത്രിദോഷങ്ങളുടെ ക്രമവിരോധമായിരിക്കുന്ന യാനഭേദങ്ങളെക്കൊണ്ടു ശരീരക്ഷീണം ആയുഃക്ഷീണം

മരണം മുതലായതുകളെ സംഭവിപ്പിക്കാവുന്നതാണ്. നാഡികളുടെ യാനഭേദങ്ങളെ കണ്ടറിയുന്നതിനുള്ള പരിജ്ഞാനം കേവലം ശാസ്ത്രംകൊണ്ടുമാത്രം ഗ്രഹിക്കാവുന്നതല്ല. "അന്നമെ കോഴിയോണാൻ മയിലേന നടക്കും വാതം" എന്ന ശാസ്ത്രം പ്രമാണമാക്കി. തലയും കാലും കാണാത്ത നാടികളുടെ യാനഭേദത്തെ അരയന്നം കോഴി മയിൽ മുതലായ പക്ഷികളുടെ നടകളെ ഉപമാനപ്പെടുത്തി അപ്രത്യക്ഷമായിരിക്കുന്ന ദോഷത്രയങ്ങളുടെ നടകളെ എങ്ങിനെ ഗ്രഹിക്കുവാൻ കഴിയുമെന്നു വളരെ സംശയിക്കേണ്ടിയിരിക്കുന്നു. സർപ്പങ്ങൾ ഇഴഞ്ഞ വഴിയിൽ അതിന്റെ കാലടി നോക്കി ഇന്നതരം സർപ്പമാണ് പോയതെന്നു പറയുവാൻ കഴിയാത്തതുപോലെ കാലെന്തെന്നറിയുവാൻ കഴിയാത്ത വാതാദിദോഷങ്ങളുടെ നടകളെപ്പറ്റി ഊഹിക്കുവാൻപോലും കഴിയുന്നതല്ലെന്നു സാധാരണന്മാരാൽ വിചാരിക്കാവുന്നതാണ്. മൈസൂർ അരമനവൈദ്യരായിരുന്ന ഡാക്ടർ ജഗന്നാഥസിദ്ധ നായഡു അവർകൾ എഴുതീട്ടുള്ള ഭൈഷജ്യകല്പത്തിൽ നാഡികളെപ്പറ്റി സിദ്ധന്മാരുടെ അഭിപ്രായത്തെ ഖണ്ഡിച്ചു പറയുന്നുണ്ട്. അതിനുള്ള കാരണം ആ ശാസ്ത്രത്തിൽ (നാഡിശാസ്ത്രത്തിൽ) തനിക്കുള്ള പരിശീലനക്കുറവെന്നല്ലാതെ മറെറാന്നും പറയുവാൻ വഴികാണുന്നില്ല.

സാധകന്മാർ നാഡിയുടെ സൂക്ഷ്മമായിരിക്കുന്ന സ്പന്ദനത്തെ ഗ്രഹിക്കുന്നതിൻ അൻപേക്ഷണീയങ്ങളായിരിക്കുന്ന മൂന്നു മാർഗ്ഗങ്ങളും സാധിച്ചിരിക്കേണ്ടവകളാണ്.

സംശയരഹിതമായിരിക്കുന്ന ശാസ്ത്രജ്ഞാനം അന്തഃകരണത്തിന്റെ ഏകീകരണം, ജ്ഞാനേന്ദ്രിയങ്ങളുടെ നൈൎമ്മല്യത ഇവകളിൽ ഏതെങ്കിലും വ്യതിചലിക്കുന്നതായാൽ നാഡിയുടെ യഥാൎത്ഥമായിരിക്കുന്ന സ്പന്ദനം സിദ്ധിക്കുന്നതിന്നു് സാധിക്കുന്നതല്ല. ആയതുകൊണ്ടു വൈദ്യശാസ്ത്രം അഭ്യസിപ്പാൻ ആഗ്രഹിക്കുന്നവർ വിദഗ്ദ്ധന്മാരായ ഗുരുക്കന്മാരിൽനിന്നു ശാസ്ത്രശ്രവണവും അന്തഃകരണ ശുദ്ധിക്കും ജ്ഞാനേന്ദ്രിയ നൈൎമ്മല്യത്തിന്നും തക്കതായ അനുഷ്ഠാനങ്ങളും അംഗീകരിക്കേണ്ടതാണു്.

സിദ്ധവൈദ്യപ്രകാശിക എന്ന ഈ ഗ്രന്ഥം അഗസ്ത്യമഹൎഷിയാൽ ഉണ്ടാക്കപ്പെട്ടതായ വൈദ്യശതകം ഗുരുനാഡി__അഗസ്ത്യർ 1200 എന്ന മൂന്നു ഗ്രന്ഥങ്ങളിൽനിന്നും സംഗ്രഹിച്ചെഴുതീട്ടുള്ളതാണു്.

നാഡി പരീക്ഷകന്മാർ, കാലങ്ങളുടെ ദോഷഭേദങ്ങളും, പ്രായത്തിന്റെ ദോഷഭേദങ്ങളും, അവകളിലുള്ള അവാന്തരഭേദങ്ങളും, ശരീരത്തിന്റെ ദോഷങ്ങളും, അവകളിലുള്ള ദോഷദ്വന്ദ്വങ്ങളുടെ ഉച്ചനീചങ്ങളും, അഹോരാത്രങ്ങളുടെ ദോഷകാലങ്ങളും, നാഡിനടകളിലെ മാത്രാഭേദങ്ങളും നല്ലവണ്ണം ആരാഞ്ഞു പരിശോധിക്കുന്നതായാൽ, രോഗങ്ങളുടെ ആരംഭകാലം, മനോവ്യാപാരം, ആഹാരപ്രകൃതി, രോഗങ്ങളുടെ ഉച്ചം, ശാന്തം മുതലായ കാലങ്ങളിലുണ്ടാകുന്ന സ്വഭാവങ്ങളും തുടങ്ങി അനേക സൂക്ഷ്മസ്ഥൂലങ്ങളായ ലക്ഷണങ്ങളും കാലേക്കൂട്ടിതന്നെ

ഗ്രഹിക്കാവുന്നതാണ്. മേൽ പറയപ്പെട്ട ഓരോരോ ഭാഗങ്ങളും ഈ ഗ്രന്ഥത്തിൽ ലളിതമായിരിക്കുന്ന ഭാഷയിൽ നാതിവിസ്തരമായിട്ടാണെങ്കിലും ഗ്രഹണീയമായ നിലയിൽ വെളിവാക്കീട്ടുണ്ട്.

മരണലക്ഷണങ്ങളെപററി പറയുന്ന ഭാഗത്തിൽ നാഡിപരീക്ഷണംകൊണ്ടു അറിയാവുന്നതായിട്ടും രോഗങ്ങളിൽ വിരുദ്ധ രോഗങ്ങളുടെ സമ്മിശ്രത്തിൽനിന്നിട്ടും, മലമൂത്രാദികളുടെ പരീക്ഷണങ്ങളിൽനിന്നിട്ടും അരോഗികളായിരിക്കുന്ന ചിലരെ ദർശനക്ഷണത്തിൽ മനസ്സിലാക്കാവുന്ന ബാഹ്യലക്ഷണങ്ങളെക്കൊണ്ടും ഒരുവൻെറ ആയുഃഷ്കാലത്തിൻെറ അവസാനകാലത്തെ ഗ്രഹിക്കാവുന്നതായ അനേക ലക്ഷണങ്ങളും വിസ്തരിച്ചിട്ടുണ്ട്.

ഗുരുകാരുണ്യംകൊണ്ടു സിദ്ധിച്ചതായ എൻെറ ചെറിയ ബോധത്തിൻെറ പരിധിയിൽ പെടാത്തതായ അനേക വിഷയങ്ങളും ഉണ്ടെന്നിരുന്നാലും, ഈ പ്രഥമ പാഠാവലി വൈദ്യവിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായി തീരുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

ശ്രീനാരായണപുരം,
15_6_1117.

സ്വാമി രാമാനന്ദൻ.

Since 1923

ഓം

# സിദ്ധവൈദ്യപ്രകാശിക

## രാമാനന്ദചന്ദ്രിക.

### മംഗളം.

സപ്തധാതുക്കളും പഞ്ച
ഭൂതം നാലന്തരിന്ദ്രിയം
ത്രിതയം ഗുണവും ദ്വന്ദ
ഭൂതമാം വിനയൊത്തെവൻ

ധരിച്ചിടുന്നാ ജീവന്റെ
ജീവനായ് ശിവശൈലമായ്
ഇരിക്കും മൽഗുരുസ്വാമി
ചരണം കൈതൊഴുന്നു ഞാൻ.

### ദോഷവിജ്ഞാനകിരണം.

വാതം പിത്തം കഫം മൂന്നു
വിനയിൽക്കൂടി നാടിടും
പതിയെ നാഡിയെന്നോതും
മതിമാന്മാർ വിവേകികൾ.



Since 1923

ഇഡാദി ശംഘിനിവരെ
തുടിക്കുന്നവയൊന്നുമെ
നാഡിയല്ലെഴുപത്തീരാ
യിരമാം സിരയും തഥാ. 2

പ്രാണാപാനാദിയാം വായു
ഗണവും നാഡിയായിടാ
പ്രാണേന്ദ്രിയനിയന്താവാ
യിരിപ്പോൻ നാഡിനിശ്ചയം 3

വാതം പൊക്കിൾസ്ഥാനമാർന്നു
മലമൂത്രേന്ദ്രിയാദിയെ
നിയന്ത്രണം ചെയ്തു മൂലാ
ധാരം പ്രാപിച്ചു നിന്നവൻ 4

ഘോരയോട്ടം പഥം നോക്കി
രോമകൂപം ഗമിച്ചിടും
പിത്തം പിംഗളയെ ചേർന്നു
മൂത്രാശയവഴിക്കവൻ, 5

ഗമിച്ചു മൂലം പ്രാപിച്ചു
ജാതവേദസ്സിനേററവും
സഹായം ചെയ്തു ഹൃദയ
സ്ഥാനത്തിൽ സ്ഥിതനായവൻ 6

Since 1923

പ്രാണവായുവിനോടൊത്തു
കാമാദികൾ വളൎന്നിടും
ശ്ലേഷ്മം സമാനനോടൊത്തു
സുഷുമ്നാവഴി ചേൎന്നവൻ 7

ശിരസ്സിലഗ്നിയെ പ്രാപി
ച്ചുൾനാക്കാദി സ്ഥലങ്ങളിൽ
രക്തത്തോടൊത്തു ചേൎന്നിട്ടു
വൎണ്ണം സന്ധുഞരമ്പുകൾ 8

അസ്ഥിമജ്ജാതലച്ചോറു
പെരുംകുടലുകണ്ണുകൾ
പ്രാപിച്ചു നിലകൊള്ളുന്നു
ഗുണവാൻ സത്വരൂപവാൻ 9

(വാതദേഹം.)

വാതക്കൂറാൎന്നിടും ദേഹം
സ്ഥൂലം കൃഷ്ണാരുണം നിറം
ലഘ്വാശനം സമം ശബ്ദം
ദേഹം തൊട്ടാൽ തണുത്തിടും 10

ബലംകുറഞ്ഞപോൽ തോന്നും
കാതിൽ ശബ്ദങ്ങൾ തോന്നിടും
സ്ത്രീമോഹം ലഘുവായിട്ടു-
മെന്നാലും ദീൎഘഭോഗിയാം. 11

Since 1923

ഹൃദയം കഠിനം പാരം
മുളകിൽ പ്രിയമേറിടും
വേദാഗമവഴിക്കുള്ള
വിധിയോടു ചരിച്ചിടും 12

കൃത്യനിഷ്ഠകളോടൊത്തു
നിത്യകർമ്മങ്ങളും ചെയ്തിടും.

(വാതപിത്തദേഹം)

വാതപിത്തപ്രധാനദേഹം
മെലിഞ്ഞൊട്ടു കറുത്തിടും

സത്യാസത്യങ്ങളോതിടും
സ്ത്രീമോഹം പാരമേറിടും
മുൻകോപിയാം ദേഹമേററം
ചെറുതൊ വല്യതൊ വരും. 14

ശാസ്ത്രജ്ഞാനങ്ങളും പാര
മൂഹാപോഹാദി ശക്തിയും
ബുദ്ധിയും ലഘുവായീടു-
മെന്നു ബോധിച്ചുകൊള്ളുക. 15

(വാതശ്ലേഷ്മദേഹം)

വാതശ്ലേഷ്മപ്രധാനദേഹി
മത്തവാരണമെന്നപോൽ
ഗമിക്കും സ്ഥൂലമുയര
മതിയായിട്ടിരുന്നിടും. 16

Since 1923

ഇടിപോൽ ദൃഢമായ് വാക്കു
ചൊടിയോടുമുരച്ചിടും
പേടമാൻ മിഴിമാരോടു
കൂടിടും മോഹമേററവും 17

ദേഹം ചെന്നിറമായിടും,
കലാജ്ഞാനം യഥേഷ്ടമാം
പുളിപെരിപ്പുചേർന്നിട്ടു
മാഹാരം പ്രിയമേറിടും. 18

ഭാഗധേയാദി സൌഭാഗ്യ
യോഗവാനായി വാണിടും.

(പിത്തദേഹം)

പിത്തദേഹം നിറം വെൺമ,
പത്ഥ്യം പുളിയിലേറിടും. 19

എത്രയും ലഘുവായിട്ടു
മാത്രമെ വൂൺകഴിച്ചിട്ടു
ഗുരുക്കളും ജനത്തോടു
ഗുരുഭക്ത്യാ ചരിച്ചിടും 20

മാരലീലാഭിലാഷത്താൽ
നാരിമാരൊത്തുവാണിടും
കലാശാസ്ത്രജ്ഞനാം, വാക്കും
ചേതസ്സും ചഞ്ചലം വരും. 21

Since 1923

(പിത്തവാതം)

പിത്തവാതത്തിലുളവാം
ദേഹം പൊതുനിറംവരും
ഭക്ഷണത്തിൽ ചൂടെരിവും
പുളിപ്പും കാംക്ഷയേറിടും. 22

ദേഹം സ്നിഗ്ധതയില്ലാതെ
യിരിക്കും ക്ഷുത്തുതാണ്ടിടും
കാരുണ്യമേറിടും നല്ല
ഗന്ധത്തിൽ പ്രീതിയാർന്നിടും 23

ജീവിക്കും സുഖമായ് കാര്യം
ചിന്തിച്ചതു മറന്നിടും
ജ്ഞാനം ധർമ്മം നീതി മാർഗ്ഗ-
മുറയ്ക്കും, താൻ നടന്നിടും 24

കോകിലത്തിന്റെ നാദം പോ-
ലിരിക്കും സുഖമായ് സ്വരം.

(പിത്തശ്ലേഷ്മം)

പിത്തശ്ലേഷ്മങ്ങൾ ചേർന്നിട്ട
ചെമ്പകപ്പൂനിറം തരും 25

മീനകേതനകേളിക്ക
ചേതസ്സേററം ഗമിച്ചിടും
മധുരാമ്ലരസത്തിങ്ക
ലതുപോലേറിടും പ്രിയം. 26

Since 1923

സ്വരം സുഖത്തോടും നല്ല
ദാർഢ്യത്തോടുമിരുന്നിടും
മനസ്സുറപ്പുകൂടീടും
നീതിയോടു ചരിച്ചിടും. 27

ഗുരുക്കളാം ജനത്തിങ്ക-
ലാചാരം പാരമേറിടും
ശാസ്ത്രാഗമം പഠിച്ചീടും
യഥാൎത്ഥമുരചെയ്തിടും 28

ജീവകാരുണ്യമേറീടും
ദാനധൎമ്മങ്ങൾ ചെയ്തിടും

(ശ്ലേഷ്മദേഹം)

ശ്ലേഷ്മദേഹം തണുപ്പാകും
വിയൎക്കും പാദപാണികൾ 29

കനിഞ്ഞൊഴുകിടും വെള്ളം
വമനം കാസവും വരാം
വെണ്നിറം ദേഹമായിടും
കാമം പാരം പെരുത്തിടും 30

നാദം പരുത്തുമിതരു-
മാചാരം കാത്തു വാണിടും
അസത്യം സത്യമായോതും
ശുദ്ധദീപനമായിടും. 31

Since 1923

മധുരം പ്രേമമാം പിത്തം
ബലമായിട്ടിരുന്നിടും

(ശ്ലേഷ്മപിത്തം)

ശ്ലേഷ്മപിത്തങ്ങളിൽ ദേഹം
ഗോരോചനനിറംവരും. 32

നാദം കഠിനമായീടും
മധുരാമ്ലരസം പ്രിയം
അരുണം കേശമശ്രുക്കൾ
സത്യമെ പറയൂ ദൃഢം. 33

ശൌര്യം കീർത്തി മനോദാർഢ്യം
ഭാഗ്യം കാമം പെരുത്തിടും.

(ശ്ലേഷ്മവാതം)

ശ്ലേഷ്മവാതം കലർന്നീടിൽ
സ്ഥൂലം കൃഷ്ണാരുണം തനു. 34

മുളകും പുളിയും പാരം
കലർന്നിട്ടു ഭുജിച്ചിടും
കാമിയായ്, ശൂരനായ്, ഭാഗ്യ-
വാനായ്, കവിയായ് വരും. 35

വിദ്വാനായ് വേദശാസ്ത്രങ്ങ-
ളാരായും സ്നേഹമൂറിടും
ഗുരുക്കളാം ജനത്തോടു-
ള്ളാചാരം പാരമായിടും. 36

Since 1923

## (വാതനാഡി)

വാതമാം നാഡിയാൽ കാട്ടും
പൊതുരോഗമുരസ്സുവൻ
മന്ദാഗ്നിയാൽ കഫം കെട്ടി
വയററിൽ നോവു വീമ്മയും 37

മഹോദരം കൃമി കുടൽ-
ക്കട്ടിയും വായ്വുരുൾച്ചയും
അണ്ഡവാതം തന്തുമേററം
ശൂലയും മൂത്രകൃച്ഛ്റവും 38

മൂലരോഗങ്ങളും വാത
സ്ഥാനഭേദങ്ങൾ ചൊന്നതും
ചിന്തിച്ചുകൊള്ളണം ദോഷ
വിജ്ഞനായ ഭിഷക്കവരൻ. 39

## (വാതപിത്തനാഡി)

വാതപിത്തം കലന്നുള്ള
നാഡിയാലറിയേണ്ടതാം
രോഗങ്ങളുരചെയ്യുന്നു
ദഹനം കുറയും പരം 40

പുളിച്ചേമ്പാക്കമുണ്ടാകും
ചുവക്കും മൂത്രമേററവും
മലം ബന്ധിച്ചിടും ധാതു
നഷ്ടം ദേഹം തളർന്നിടും 41

Since 1923

ദേഹമുഷ്ണിച്ചിടും ഛൎദ്ദി-
യുണ്ടാകും തനു നൊന്തിടും
കൈകാലെരിഞ്ഞിടും ഗുന്മം
ഭക്ഷ്യം പാരം വെറുത്തിടും 42

(വാതശ്ലേഷ്മനാഡി)

വാതശ്ലേഷ്മം കലൎന്നുള്ള
നാഡിയാലറിയേണ്ടതു
തരിപ്പും തനുവിൽ നോവും
ചുമയും കാസവും വരും 43

സന്നിഹൃദ്രോഗവും ശൂലാ
കണ്ഠോപദ്രവവും തഥാ
മന്ദാരകാസം ബാഹ്യാന്ത-
ഭാഗം നീൎതങ്ങി നില്ക്കയും 44

കാസശ്വാസം സന്ധുനോവു
ശിരഃപക്വാശയം ഘനം
മററും പലതുമാരാഞ്ഞു
കൊള്ളേണം ബുദ്ധിപൂൎവ്വമായ്. 45

(പിത്തനാഡി)

പിത്തമാം നാഡിയാലാരാ-
ഞ്ഞിടേണ്ടും രോഗമോതുവൻ
ഉഷ്ണവാഷ്പ്വാസ്ഥിയിൽ മേറ്റ്
ജ്വരം വിസ്മൃതി ശോഥവും. 46

Since 1923

ഭ്രാന്തുചൂട്ടും ചുട്ടുനീററം
ഹൃദയം മഞ്ചലം പരം
തിക്തം ദാഹം മൂർച്ഛസ്വപ്നം
കിതക്കുക മയങ്ങുക. 47

അതിസാരം രക്തമേഹം
പ്രദരം ജാതമായിട്ടും

(പിത്തവാതം)

പിത്തത്തോടൊത്തു ചേർന്നിട്ടു
വാതനാഡി നടക്കുകിൽ 48

വയററിൽ പീഡയും ധാതു
നാശവും ജീർണ്ണഹീതവും
ജ്വരം ഗ്രഹണിയും ഗുന്മം
ശൂലാമന്ദാഗ്നി മൂർച്ഛയും 49

തളർച്ച് വിഷവീക്കങ്ങ-
ളായാനാം മൂലമാരുതൻ
ചെറുനീർ പീഡ വയറിൽ
മുരണ്ടുശബ്ദമാർന്നിട്ടും 50

ഓക്കാനമുണ്ടാം ത്വക്കഭാഗം
നീർതങ്ങും നോവുതോന്നിട്ടും

(പിത്തശ്ലേഷ്മം)

പിത്തശ്ലേഷ്മം കലർന്നിട്ടു
നടനാലുളവായിട്ടും. 51

Since 1923

രോഗങ്ങളോതിടാമസ്ഥി
ജ്വരം കാസം തളർച്ചയും
ചെറുതാം ചുമയും കണ്ണും
കാതും നീർ മലമെന്നിവ 52

മഞ്ഞളിക്കും മേൽവയറിൽ
നോവും കൺ രോഗവും വരും
പീതപിത്തം വരും ഭോജ്യം
വെറുക്കും രക്തവിഭ്രമം 53

രക്തവീക്കം കാമിലയും
ശോഫംപീനസമുഷ്ണവും
തലയിൽ ചൊറിയില്ലാതെ
ചൊറിയും തുമ്മലും വരും 54

ഇത്യാദി പലരോഗങ്ങ
ളുണ്ടാകുമതു നിശ്ചയം.

### (ശ്ലേഷ്മനാഡി)

ശ്ലേഷ്മനാഡി ഗതിച്ചീടി-
ലുളവാം രോഗമോതുവൻ 55

ക്ഷയം മന്ദാരമാം കാസം
പനിയും വിഷദോഷവും
ഏക്കിറം ഹൃദ്രോഗവും ഛർദ്ദി
ഊരൽ വേദന നിദ്രയും 56

Since 1923

കാമിലാ പാണ്ഡുരോഗങ്ങൾ
പനിയും തലഭാരവും
വ്രണം കരപ്പൻ മുതുകിൽ
വേദനാ ചെറുനീർഘനം 57

മൂത്രാധിക്യം മുതൽ മററു
പലരോഗങ്ങളും വരും
ദേഹം തണുത്തിടും സ്വേദ
മുണ്ടാകുമതു നിശ്ചയം 58

(ശ്ലേഷ്മപിത്തം)

ശ്ലേഷ്മത്തിൽ പിത്തം ചേർന്നീടിൽ
കഴപ്പും നീരുമായിടും
വിറപ്പനി പിറന്നീടും
പീതപിത്തം ജനിച്ചിടും 59

ചുമച്ചുകാസമുണ്ടാകും
നെഞ്ചടപ്പെക്കിളും വരും
പനിക്കും ദാഹമുണ്ടാകും
വിളക്കും സരണം വരും. 60

ഘോരയും കഫവും കാണും
മൂത്രത്തിൽ കൊഴകൊഴപ്പും
പൂയമേഹാദി രോഗങ്ങൾ
പലതും സംഭവിച്ചിടും. 61

Since 1923

(ശ്ലേഷ്മവാതം)

ശ്ലേഷ്മവാതം കലൎന്നീടിൽ
വയററിൽ നോവുവന്നിടും
ഘനക്കമുദരം ദേഹം
വീണ്ടുമൂന്നുകഴിക്കകിൽ 62

ഛൎദ്ദിയോക്കാനമുണ്ടാകു
മെക്കിൾ വായുതിരണ്ടെഴും
ദേഹം നോകുമപസ്മാരം
കാണും ദേഹം തളൎന്നിടും 63

ചുമയ്ക്കും ശോഫമുണ്ടാകും
ദേഹമെല്ലാം കഴിച്ചിടും
പക്ഷവാതം പീനിസവും
ശിരോരോഗം പലേതുമാം 64

കാതുകൺ ചെന്നിയോരോരൊ
ഭാഗത്തിൽ നോവു വന്നിടും
കൈകാലുകൾക്കമുണ്ടാകും
ചിന്തിച്ചെല്ലാമറിയണം 65

(ദോഷദ്വന്ദനിരൂപണം)

വാതത്തിൽ വായു കൂടീടിൽ
ഓരോ ഭാഗങ്ങൾ നൊന്തിടും
തരിക്കമേപ്പമുണ്ടാകും
തുടയിൽ നോവു വന്നിടും 66

മുതുകം നെഞ്ചു പിടരീ-
ഞെരമ്പുകൾ വലിച്ചിടും
നെഞ്ചടപ്പുളവാം സന്ധി
തോറും കുത്തീട്ടു നൊന്തിടും 67

ദേഹം തണുത്തിടും ശ്ലേഷ്മം
ഞെരമ്പിൽ തങ്ങി നില്ക്കയാൽ
പലരോഗങ്ങളും വന്നു
ചേരുമെന്നോൎത്തുകൊള്ളണം 68

വാതവായുക്കളോടുഷ്ണം
കലൎന്നീലതിസാരവും
അഴച്ചനോവഗ്നിമാന്ദ്യം
മൂത്രകൃഛ്റാദി മേഹവും 69

രക്തപ്രമേഹം പ്രദരം
ശ്ലേഷ്മളം വായുശൂലയും
ഉണ്ടാകുമിദ്വന്ദ്വമാൎഗ്ഗ
ത്തൂടെ രോഗം ബഹുക്കളായ് 70

വാതവായുക്കളോടുഷ്ണം
കലൎന്നിട്ടായതിൽ തഥാ
കഫംകലൎന്നീടിൽ ശ്വാസം
മുട്ടും ചുമയുമങ്ങിനെ 71

Since 1923

കഴപ്പും സന്നിയും നീരും
കുളിരും പനിയും വരും
വ്രണങ്ങളുളവാം ഛർദ്ദി
തളർച്ച മൂർച്ഛയും വരും 72

മലം ബന്ധിച്ചിടും ഹൃത്തിൽ
നീരുകെട്ടും വിളർത്തിടും
ധനുർവ്വാതം പക്ഷവാതം
വന്നിടും പലതും തഥാ 73

പിത്തത്തിലുഷ്ണം ചേർന്നിടിൽ
ക്ഷയമസ്ഥിജ്വരം തന്നു
പുകഞ്ഞിടും തളർന്നീടു-
മുഷ്ണാതിസാരവും വരും 74

കഫരക്താതിസാരം തൻ
വായിൽ കയ്പുരസം തഥാ
അന്നദ്വേഷം സ്വപ്നദോഷം
ഭ്രാന്ത് ദാഹാദിയും വരും. 75

പിത്തോഷ്ണങ്ങളിലവ്വണ്ണം
വായുക്കൂടി ചരിക്കുകിൽ
വയററിൽ ഗുന്മനോവുണ്ടാം
ശൂലയും വായുദോഷവും 76

Since 1923

ഛർദ്ദിയോക്കാനവും ഭ്രാന്തു
ദഹനക്ഷരവും വരും
പുളിച്ചേപ്പം ശ്വാസകോശം
നെഞ്ചിൽ വേദന വന്നിടും 77

തലചുററിത്തളൎന്നീടും
മൂലവായു പെരുത്തിടും,
ശോഫമുഷ്ണധാതുനാശം
പല രോഗങ്ങളും വരും 78

പിത്തോഷ്ണവായുവോടൊത്തു
കഫം കൂടീടുകിൽ പരം
മന്ദാഗ്നി വയറിൽ ശബ്ദം
കഫം മധുരമായ് വരും 79

വാതകോപമെഴും മൂല
ച്ചൂട്ടുണ്ടാം ചുമ വന്നിടും
പനിയും കുളിരും ഛർദ്ദി
കാമിലാശോഫവും വരും 80

നാക്കിൽ കൊഴുകൊഴുപ്പുണ്ടാം
ദേഹമേററം കഴച്ചിടും
സന്നിയുണ്ടാം ദേഹമെങ്ങും
ചൊറുതായ് നീരു കണ്ടിടും 81



Since 1923

ശ്ലേഷ്മത്തോടൊത്തു കലരും
കഫത്താലുളവായിടും
ശ്വാസംമുട്ടും കിതപ്പും വൻ
മൂർച്ഛയും സ്വേദവും വരും 82

സന്നിയെക്കിട്ടവും തീരും
വയററിൽ നോവു ഞെട്ടലും
കുളിർ ജ്വരം ക്ഷീണമേററം
വമനം പലതും വരും 83

ശ്ലേഷ്മത്തോടൊത്തു കലരും
കഫത്തിലുഷ്ണമാർന്നിടിൽ
ക്ഷയവും ചുമയും കാസ
ശ്വാസം രക്തം വമിക്കലും 84

നാസികാരോഗമുണ്ടാകിൽ
ചൂട്ടുകൊട്ടാവിയെക്കിളും
മന്ദാരകാസം ശ്വാസപ്പെ
ട്ടന്നിൽ ഗ്രന്ഥികളും വരും 85

കഫശ്ലേഷ്മോഷ്ണനിരയിൽ
വായുക്കൂടീടിലപ്പൊഴേ
ശ്വാസകാസം നെഞ്ചടപ്പു-
മുണ്ടാക്കണ്ഠത്തിൽ ചൊറിച്ചലും 86

കഫകൊഴപ്പു നീങ്ങാതെ
വായ് നീരൂറീടുമെ മലം
കഫം കലൎന്നു പോയിടും
ദേഹമേററം തരിച്ചിടും. 87

മേലെങ്ങും നോവു കണ്ടീടും
നീരും വായൂതിരണ്ടെഴും
വിളക്കും ഹൃദയത്തിങ്കൽ
കഫം കെട്ടി വരും സ്വരം 88

ആലസ്യം മൂർഛയിത്യാദി
രോഗങ്ങളുളവായിടും
അങ്ങിങ്ങായ് കുത്തി സന്ധുകൾ–
ക്കുള്ളിൽ ദണ്ഡങ്ങളും വരും 89

ദോഷത്രയം സമംകൂടി
വളൎന്നാലും തഥൈവച
ക്ഷയിച്ചാലും സന്നിയത്രെ
രണ്ടും മൃതി ഭവിച്ചിടും 90

ശ്ലേഷ്മത്തിൽ പിത്തമവ്വണ്ണം
വാതത്തിൽ ശ്ലേഷ്മവും തഥാ
കലൎന്നാലതു മാറീടാൻ
ദീർഘംനാളംവേണ്ടിവന്നിടും 91

Since 1923

വാതത്തിൽ പിത്തമായാലും
പിത്തത്തിൽ വാതമാകിലും
പിത്തത്തിൽ ശ്ലേഷ്മമായാലും
പിത്തം ശ്ലേഷ്മത്തിലാകിലും 92

ആ രോഗങ്ങൾ ശമിച്ചീടും
കഫത്തിൽ വാതമല്പമായ്
കലർന്നാലും രണ്ടുമൊപ്പം
ദേന്ദിച്ചാലും മരിച്ചിടും 93

(കാലദോഷനിരൂപണം)

മാസം പന്ത്രണ്ടിനും വാത
പിത്തശ്ലേഷ്മം ചരിച്ചിടും
നിയമം പറയാം ചാന്ദ്രാ-
യണമാം മാസമാമിതു്. 94

കർക്കടം ചിങ്ങവും കന്നി
തുലാം വാതപ്രഭാവമാം
മീനവും മേടവും പിന്നെ-
ഇടവം മിഥുനം തഥാ 95

പിത്തപ്രഭാവമായീടും
വൃശ്ചികം ധനുവും തഥാ
മകരം കുംഭവും ശ്ലേഷ്മ-
കാലത്തിന്റെ പ്രഭാവമാം. 96

Since 1923

"ശതായുഃ പുരുഷോ" എന്ന്
ശ്രുതിയാൽ നൂറുവത്സരം
മനുഷ്യനായുസ്സുണ്ടാകു
മതിൽ ദോഷത്രയങ്ങളെ 97

വിഭജിച്ചോതിടാമാദി
മൂന്നാംശത്തിൽ കഫം തഥാ
മദ്ധ്യമാംശം തഥാ പിത്തം
വാതമന്ത്യം ചരിച്ചിടും 98

അംശമോരോന്നിലും ദോഷ-
ത്രയമംശിച്ചു വാണിടും
വർഷമേകാദശം മാസ
മേകം ദശദിനം വരെ 99

കഫത്തിൽ കഫവും പിന്നെ
കഫത്തിൽ പിത്തവും തഥാ
കഫത്തിൽ വാതവും കൂടി
ചരിച്ചംശം തികച്ചിടും 100

ഈവണ്ണം പിത്തകാലത്തി-
ലാദ്യംശം കഫവും തഥാ
മദ്ധ്യം പിത്തം വാതമന്ത്യം
ചരിച്ചംശം തികച്ചിടും 101

Since 1923

വാതകാലത്തിലവ്വണ്ണം
മൂന്നായിട്ടു പിരിച്ചതിൽ
ശ്ലേഷ്മമാദ്യംശമോടീടും
മദ്ധ്യെ പിത്തം ചരിച്ചിടും 102

അന്ത്യഭാഗം തഥാ വാതം
ചരിക്കും നിയമത്തൊടെ
ഈ ഭേദഗതിയാരാഞ്ഞാ-
ലാത്തന്മാക്കമതേവിധം 103

ഭിഷക്കുകൾക്കും സുഗമ
മാനന്ദം ജാതമായിടും
ഭാഗധേയം വിശേഷിച്ചു
വൈദ്യന്മാക്കളവായിടും. 104

## (നാഡീവിജ്ഞാനകിരണം)

പൊക്കിളിൻ കീഴിലരികിൽ
നില്ക്കും നാഡിക്കിഴങ്ങതിൽ
എഴുപത്തീരായിരം നാഡി
യെഴുമെ ദേഹമാകവെ 105

പത്തുനാഡിയതിൽനിന്ന്
പ്രത്യേകം താൻ തിരിച്ചതെ
കൃത്യമായറിയും നാഡി
യതിൽ മൂന്നാണു നിശ്ചയം. 106

Since 1923

ചൊന്നോരീ നാഡിവഴിയാ-
യിമ്മെയ്യിൽ സഞ്ചരിച്ചിടും
വാതപിത്തകഫദ്വന്ദ്വ
സന്നിയെല്ലാം ഗ്രഹിച്ചിടാം. 107

അംഗുഷ്ഠത്തിൻെറ മൂലത്തി-
ലംഗുഷ്ഠമിട നീക്കണം
സ്പൃശിക്കാം തർജ്ജനീയാദി-
യംഗുലീയങ്ങളെ ക്രമാൽ. 108

വാതമാകും തർജ്ജനിയിൽ
പിത്തം മദ്ധ്യമയാർന്നിടും
അനാമികയിനാൽ ശ്ലേഷ്മം
ഗ്രഹിക്കാം ക്രമമോത്തുവൻ. 109

ഹംസം, മയിൽ, കോഴി, യോന്തു,
പോലെ വാതം നടന്നിടും
ആമ, നീരട്ടയെ,പ്പോലെ
പിത്തം പോകുന്നു തെ തഥാ. 110

പാമ്പും, മണ്ഡൂകവും പോലെ
ശ്ലേഷ്മവും പോകമോക്കണം
ഈയാന ഭേദമറിവാൻ
പ്രയാസം പാരമായിടും 111

Since 1923

മാത്രയാൽ യാനഭേദത്തെ
ഗ്രഹിപ്പാൻ കഴിയും ദൃഢം
അല്ലാതെ മററൊന്നുകൊണ്ട-
മറിവാൻ സുലഭം വരാ. 112

മാത്രയിൽ വാതമൊന്നത്രെ
സ്പന്ദനം രണ്ടു പിത്തവും
നാലുമാത്രാ ശ്ലേഷ്മനാഡി
നടക്കും ക്രമമിങ്ങിനെ. 113

വാതം പത്തുക്കനെപ്പോകും
പിത്തം തീവ്രതയാന്നിടും
ശ്ലേഷ്മനാഡി രണ്ടടിച്ചു
രണ്ടടിച്ചു നടന്നിടും. 114

ദക്ഷപാണീതലം പുംസാം
വാമം സ്ത്രീകൾക്കുമങ്ങിനെ.
പരീക്ഷണം ചെയ്തുദോഷ
ഭേദം ശ്രദ്ധിച്ചുകൊള്ളുക. 115

പ്രഭാതം മുതലായ് പത്തു
നാഴിക സമയംവരെ
വാതം നടക്കണം, പിത്തം
മദ്ധ്യാഹ്നം പത്തുനാഴിക. 116

Since 1923

ശ്ലേഷ്മമവ്വണ്ണമായ് സായം
സമയം പോകുമോക്കന്നോം
ഈവണ്ണംതന്നെ രാത്രികളം
വാതാദികൾ നടന്നിട്ടും. 117

രോഗമില്ലാത്ത മർത്ത്യനു
മുൻപു ചൊന്നതുപോലവെ
കാലത്തു പത്തു ഘടികാ
വാതവും പിത്തമങ്ങിനെ . 118

മദ്ധ്യാഹ്നം, ശ്ലേഷ്മമവ്വണ്ണം
സായാഹ്നം സഞ്ചരിച്ചിട്ടും
ക്രമം തെററീട്ടുകിൽ രോഗ
ജാലങ്ങൾക്കു നിദാനമാം 119

വാതം പാരം ബലത്തോടെ
ക്രമംവിട്ടു നടക്കുകിൽ
ബഹുക്കളാം രോഗജാലം
സിരാമാർഗ്ഗമണഞ്ഞിട്ടും 120

പിത്തം പാരം ബലത്തോടെ
ഗതിച്ചാൽ രക്തമാർഗ്ഗമായ്
ജ്വരം ബാധിച്ചു രോഗങ്ങൾ
പലതും വന്നു ചേൎന്നിട്ടും 121



Since 1923

ശ്ലേഷ്മം ഗതിച്ചാൽ ശുക്ലത്തിൽ
ദോഷം വൎദ്ധിച്ചുതൻതന്നെ
വിയപ്പു മുതലായുള്ള
രോഗത്താൽ ക്ഷീണമാൎന്നിടും 122

വാതനാഡീദുൎബ്ബലമാ-
യേറെ ക്ഷീണിച്ചുപോയിടിൽ
തരിക്കും ജഢരാഗ്നിക്കു
ക്ഷീണം തട്ടുമതേവിധം 123

കണ്ണിന്നു ശക്തി കുറയും
ശബ്ദം ശ്രോത്രേന്ദ്രിയത്തിനും
രസനക്കതുപോൽ സ്വാദും
പ്രാണം നാസേന്ദ്രിയത്തിനും 124

കുറഞ്ഞു മന്ദമായ് പോകും
വൎദ്ധിച്ചാലതു പിന്നെയും
അന്തഃകരണമോരോന്നും
പാരം ക്ഷീണിച്ചുപോയിടും 125

അന്നപാനങ്ങളും യാത്രാ
വാൎത്താചിരികളും തഥാ
വിസൎജ്ജനാദിയും ലേശ
മില്ലാതെ തൻകിടക്കയിൽ 126

Since 1923

കിടക്കും കണ്ണടച്ചിട്ടു
ശവത്തെപ്പോലെയാനരൻ
പിത്തം ക്ഷീണിക്കുകിൽ കൈകാ-
ലുള്ളം, കൺവക്ത്രമെന്നിവ 127

രക്തം കുറഞ്ഞു വിളറും
നെഞ്ചിടിപ്പു വളൎന്നിടും
രോമകൂപം മൺപതിഞ്ഞ-
പോലെ പരുപരുത്തിടും 128

അന്നപാനാദിയിൽ ശ്രദ്ധ
നന്നെക്കുറവു വന്നിടും
മൂത്രം കുറഞ്ഞിടും സ്വല്പം
പീതവൎണ്ണം കലൎന്നിടും 129

ശ്ലേഷ്മം ക്ഷയിക്കുകിൽ ദേഹം
മെലിയും കൺ മുഖം തഥാ
കൈകാലുള്ളം ചുണ്ടുമെല്ലാം
വിളക്കും സ്വേദവും വരും 130

നോവുണ്ടാം മുതുകും നെഞ്ചും
തൊണ്ടയിൽ കഫമൂറിടും
കണ്ഠത്തിൽ ലഘുവായ് പാരി
കഫം നീങ്ങാതെ നിന്നിടും 131

Since 1923

മൂത്രം ഘനത്തു തെളിവായ്
ബലമില്ലാതെ പോയിടും
നിദ്രാഭംഗം ശിരോഭാരം
കാതടയ്ക്കും ചിലപ്പൊഴെ 132

ഇച്ചൊന്ന ലക്ഷണം വേഗം
ക്ഷയമായിട്ടു തീൎന്നിടും
ദ്വന്ദക്ഷീണം ഭവിച്ചീടിൽ
രണ്ടിൻെറ കുറിയും വരും 133

മുഖം, നേത്രം, പല്ലു, നാവും,
ശരീരം, മലമൂത്രവും
നാഡിയുംകൂടിയഷ്ടാംഗ-
മെന്നു ചൊല്ലുന്നു പണ്ഡിതർ 134

വാതരോഗിക്കു മുഖവും
പല്ലും നാവക്ഷിയും തഥാ
മലം കൃഷ്ണം, തണുത്തീടും
ദേഹം, മൂത്രം കട്ടപ്പെഴും 135

പിത്തരോഗിക്കു മുഖവും
പല്ലും നാവക്ഷിയും തഥാ
മലമൂത്രങ്ങളും പീതം
ദേഹംചൂടായിരുന്നിടും 136

Since 1923

ശ്ലേഷ്മരോഗിക്കു മുഖവും
പല്ലും നാവക്ഷിയും തഥാ
മലമൂത്രങ്ങളും വെൺമ
ദേഹം സ്വേദിച്ചിരുന്നിട്ടും 137

അഷ്ടാംഗം പരിശോധിച്ചു
സ്പഷ്ടമായ് രോഗലക്ഷണം
ബോധിച്ചുകൊള്ളണം നാഡി
വിശേഷിച്ചും ഗ്രഹിയ്ക്കണം 138

നാഡീജ്ഞാനം ലഭിക്കാഞ്ഞാൽ
ദോഷഭേദം ഗ്രഹിച്ചിടാ
ദോഷഭേദജ്ഞാനമെന്യേ
ഭേഷജം ദോഷജാതമാം 139

ആർത്തനുമന്തേ വാസിക്കും
രക്ഷിതാവിന്നുമെ പരം
സങ്കടം വളരും സാക്ഷാൽ
നരകം വൈദ്യനും വരും 140

നാഡീനടകളെകാണാ
തിരിക്കും ചില പേക്കൈഹാ
അതിന്നു രോഗഹേതുക്ക
ളോതുന്നു കേട്ടുകൊള്ളുക 141

അതിഭോഗം, ദീർഘരോഗം,
ഗജാദിതുരഗങ്ങളിൽ
യാനവും, ഭോജനം മദ്യം
കഴിച്ചുള്ളൊരു നേരവും 142

പ്രമേഹമതിമൂത്രാദി
കുഷ്ഠവും നീരുമങ്ങിനെ
ഭയം ക്ലേശം ദീർഘമിന്താ
തൈലസ്നാനഞ്ച കോപവും 143

വാർദ്ധക്യമധികം ക്ഷീണി-
ച്ചുള്ളവർ കൈമുറിഞ്ഞവർ
ശോഫരോഗം ശവം തൊട്ടോർ
ഛർദ്ദിയെക്കിട്ടുമുള്ളവർ 144

ഭാരം ചുമന്നോർ വ്രതിക-
ളുപവാസമിരുന്നവർ
ഊററിലും മഴകൊണ്ടിട്ടും
കുളിച്ചോർ പാട്ടുപാടിയോർ 145

കലാനാട്യങ്ങളും നടനം
ചെയ്തവർ, വായ്പടക്കിയോർ
വിഷം തീണ്ടിയവർ, പാര-
മോടിയോർ കാമമുററവർ 146

തീണ്ടാരി പ്രദരം ഗൎ-
മുള്ളോരിച്ചൊന്നവക്കൈറൊ
നാഡീനടകളെ കൃത്യ-
മായിട്ടറിയുവാൻ പണ്ണി 147

ദശവായുക്കളെപ്പററി
പ്പറയാം കേട്ടുകൊള്ളുക
പ്രാണാപാനൻ തഥാ വ്യാന-
ൻദാനഞ്ചസമാനനും 148

കൂൎമ്മനാഗകൃകരനും
ദേവദത്തൻ ധനഞ്ജയൻ
ദശവായുക്കളിൻ പേരാ-
ണിച്ചൊന്നതു, പ്രവൃത്തികൾ 149

വദിച്ചീടുന്നു മൂലത്തിൽ
നിന്നു പ്രാണൻ ശിരസ്സിനെ
പ്രാപിച്ചു കീഴുനോക്കീട്ടു
നാസികാ മാൎഗ്ഗമായവൻ 150

പന്ത്രണ്ടു വിരൽ നീളത്തിൽ
പുറത്തോട്ടു ഗമിച്ചുടൽ
അഷ്ടാംഗുലമകത്തോട്ടു
ഗ്രഹിച്ചു ചതുരംഗുലം 151

നശിച്ചുപോയിടും വീണ്ടും
തുടൎന്നിട്ടൊരു നാളിവൻ
ഇരുപത്തൊരായിരത്തി-
യറുനൂറുചരിച്ചിടും 152

നാഴികക്കൊന്നിനോൎത്തീടിൽ
മൂന്നൂററുപതീവിധം
ചരിച്ചു പ്രാണൻ നാശത്തെ
പ്രാപിക്കും മൂന്നിലൊന്നതെ 153

യാത്രചെയ്യോൎക്കു പതിനാ-
റംഗുലം വായുപോയിടും
ഓടുന്നവൎക്കു പോയീടും
മുപ്പതംഗുലമങ്ങിനെ 154

കാമേച്ഛവളരുന്നേരം
മുപ്പത്താറു ഗമിച്ചിടും
സ്ത്രീസംഗത്തിൽ ശരിക്കങ്ങു.
നാല്പതംഗുലമോടിടും 155

ഏതിനും വിരലെട്ടത്രെ
ഗ്രഹിക്കു ബാക്കിയൊക്കയും
നശിച്ചു മാനവൻ മൃത്യു-
വായിൽ വീഴുന്നു സന്തതം 156

Since1923

അപാനൻ നാഭിയിൽനിന്നു
മലമൂത്ര വിസജ്ജനം
നടത്തിടുന്നു, വ്യാനൻ തൻ
തോളിൽ നിന്നങ്ങിനെ തഥാ. 157

ക്ഷീണം തളച്ചയും ചെയ്യും
സമാനൻ ദേഹമാകവെ
വളത്തിയൊന്നുമെ കോപി-
ച്ചിടാതെ കാത്തുനിന്നിടും 158

കൂമ്മൻ കൺപോളയിൽ നിന്നി-
ട്ടടച്ചതു തുറന്നിടും
നാഗൻ കൊട്ടാവിയെക്കിട്ടും,
കൃകരൻ സവ്വ സന്ധിയും 159

മടക്കി നീട്ടിടും ദേവ-
ദത്തൻ വാക്കു വഹിച്ചിടും
ധനംജയൻ മരിച്ചിട്ടും
പത്തു നാളോളമങ്ങിനെ 160

നിന്നീട്ടു തൻ കപാലത്തെ
പിളത്തിക്കൊണ്ടുപോയിടും
മരിച്ചു ദേഹമൊട്ടുക്കും
വീപ്പിക്കുന്നവനാണിവൻ. 161



Since 1923

ദശനാഡികളിൻ പേരും
തൊഴിലും പറയാമിനി
സുഷുമ്നാ, യിഡയും, പിന്നെ
പിംഗളാ മൂന്നു നാഡികൾ. 162

ബലവത്തുകൾ, ഗാന്ധാരി,
അസ്ഥി, സിംഗ്രുവയും, തഥാ
അലംബുഷാ, ച പുരുഷൻ,
കുകുവൻ, ശംഖിനി, തഥാ 163

പത്തു നാഡികളാകുന്നു
തൊഴിലും സ്ഥാനഭേദവും
വദിച്ചിടുന്നു ശ്രദ്ധിച്ചു
കേട്ടാലും ബുദ്ധിപൂർവ്വമായ് 164

സുഷുമ്ന മൂലാധാരത്തിൽ
മുളച്ചു മദ്ധ്യമാൎന്നവൻ
ശിരസ്സിലെത്തി നാസാഗ്ര
സ്ഥാനം പ്രാപിച്ചു സർവ്വദാ. 165

കമലമായ് മിൽസഹസ്രപതപം
പ്രാപിച്ചു ദേഹമാകവെ
തേജസ്സായിട്ടു വാഴുന്നു
നിർഗ്ഗുണ ബ്രഹ്മരൂപവാൻ. 166

Since 1923

ഇഡാ വലത്തു കാലിന്റെ
പെരും വിരലിൽ നിന്നുടൻ
വളൎന്നു മൂലാധാരത്തി–
ലൂടെ മേല്പോട്ടു ചെന്നവൻ 167

കണ്ഠസ്ഥാനം പിടിച്ചിട്ടു
വാമത്തേക്കു തിരിച്ചിട്ടും
വീണ്ടും മേല്പോട്ടു പോയിട്ടു
കപാലത്തിന്നു കീഴ് മുഖം 168

ഗമിച്ചു വാമമാം നാസാ
സ്ഥാനം പ്രാപിച്ചു നിന്നവൻ
സോമനായമൃതായ് വാത–
മായിട്ടു നിലകൊണ്ടിടും 169

പിംഗളാ നാഡി വാമാംഗ
പാദാംഗുഷ്ഠം തുടൎന്നതെ
വളൎന്നു കണ്ഠം പ്രാപിച്ചു
ദക്ഷഭാഗം തിരിഞ്ഞിടും 170

കപാലമാൎഗ്ഗമായ് കീഴ് പോ–
ട്ടേക്കു പോകുന്നു പിന്നെയും
ദക്ഷനാസിക പൎയ്യന്തം
പിത്തമായ് ചെന്നു നിന്നിടും 171

Since 1923

സൂഷ്മനായ് വിഷമായിട്ടു
വാണീടുന്നിവനെപ്പൊഴും
ദേഹാണ്ഡഗോളം പാലിക്ക-
മാദിത്യാദികളാണിവർ 172

അന്നപാനങ്ങളുൾക്കൊള്ളു
മണ്ണാക്കിൽനിന്നു സിംഹ്വാ
ഉമിനീർ വായിലുണ്ടാക്കും
നാക്കിൽനിന്നിട്ടലംബുഷാ. 173

വലത്തു കണ്ണിൽ പുരുഷൻ
ഗാന്ധാരി വാമലോചനെ
ഇടത്തു കാതിലാമസ്ഥി
വാമത്തിൽ കുകുവൻ തഥാ 174

ശംഖിനീ ഗുദഭാഗത്തു
നിന്നു ധർമ്മങ്ങളൊന്നുമെ
മിതം തെറ്റാതെ കാക്കുന്നു
നീതിമാൻ മന്ത്രിപോലവെ. 175

(ഷഡധാരങ്ങൾ.)

പ്രാണനാറുണ്ടു സൌധങ്ങൾ
ദേഹത്തിൽ, നാമമോതുവൻ
മൂലാധാരം തഥാ സ്വാധി
ഷ്ഠാനഞ്ച മണിപൂരകം. 176

Since 1923

അനാഹതം വിശുദ്ധ്യാജ്ഞ-
ത്ര്യേവം നാമം ക്രമങ്ങളായ്
പറഞ്ഞീടുന്നിതവ്വണ്ണം
സ്ഥാനവും പറയുന്നു തെ 177

മൂലാധാരം ഗുദത്തിന്റെ
യംഗുലദ്വയമൂർദ്ധ്വഗം
സ്വാധിഷ്ഠാനം തഥാ മേഢ്ര
സ്ഥാനത്തിലതുപോലയാം 178

ആറംഗുലം മേലെയാന്ന്
നില്ക്കുന്നു മണിപൂരകം
അനാഹതം ഹൃൽക്കമല-
ത്തിങ്കൽ നില്ക്കുന്നു തെ തഥാ. 179

വിശുദ്ധികണ്ഠെ നിന്നീടു-
ന്നാജ്ഞാചക്രം ലലാടകെ
നിന്നീടുന്നിവയോരോന്നിൽ
ഭാവനായോഗശക്തിയെ. 180

വളർത്തിയാലാമർത്ത്യന്നു
ത്രികാലജ്ഞാനവൃത്തികൾ
വളർന്നാജ്ഞാധാമമാന്ന്
പ്രാണൻ മോക്ഷസ്ഥനായിടും. 181

Since 1923

സ്ഥാനമോരോന്നിനും പ്രാണ-
ചൈതന്യം ഭിന്നഭിന്നമായ്
ജഗത്തിലെങ്ങും വ്യാപിക്കും
ചിദാത്മഛവിയാണതു്. 182

പ്രാണചൈതന്യമാധാര
മാൎഗ്ഗത്തൂടെ വളൎന്നീടിൽ
പഞ്ചാവസ്ഥകളിൽക്കൂടി
സുഖം സംഭൃതമായിടും 183

(പഞ്ചാവസ്ഥാ)

അവസ്ഥാസ്ഥാനവും നാമ
ധൎമ്മങ്ങളുമുരക്കുവൻ
ജാഗ്രവും, സ്വപ്നവും, പിന്നെ
സുഷുപ്തി, തുൎയ്യവും, തഥാ. 184

തുൎയ്യാതീതം, പേരിതത്രെ
സ്ഥാനം ചൊല്ലാം ക്രമങ്ങളായ്
ലലാടം, കണ്ഠവും, ഹൃത്തും,
നാഭിയും, മൂലവും, ക്രമാൽ. 185

സ്ഥാനങ്ങളാണു, ധൎമ്മങ്ങളും
ചൊല്ലുന്നു ക്രമമോടു ഞാൻ
പ്രാണൻ ലലാടനിലയെ
പ്രാപിക്കും നേരമായവൻ. 186

Since 1923

ഉണൎന്നിന്ദ്രിയമോരോന്നു
ചെയ്യും, ജാഗ്രത്തിതാണോൎത്തെ.
ലലാടം വിട്ടു കണ്ഠത്തെ
പ്രാണൻ പ്രാപിച്ചിടുമ്പൊഴെ. 187

ഐശന്ദ്രിയങ്ങളെക്കൂടാ
താധൎമ്മങ്ങളെയൊക്കെയും
ക്രമമൊ സ്ഥിതിയൊ കൂടാ
തന്തഃകരണമപ്പൊഴെ 188

പ്രവൎത്തി ചെയ്യുമെ, സ്വപ്ന-
മിതാണു കരുതീടുകിൽ
ആ,കണ്ഠസ്ഥാനവും പ്രാണൻ
വിട്ടിട്ടു ഹൃദയാംബുജം 189

പ്രാപിച്ചിടുന്നനേരത്തി-
ലൊന്നുമെയറിയാതവൻ
തമസ്സിലാണ്ടു വാഴുന്നു
ഭാൎയ്യാപുത്രധനാദികൾ 190

സുഖദുഃഖാദികൾ സൎവ്വ
മിരുട്ടാം സുഷുപ്തിയാണിതു്
ഈ മൂന്നവസ്ഥ ലോകത്തി
ലേവൎക്കുമനുഭൂതമാം 191

മായാമയങ്ങളാണൊയീ-
ത്രയസ്ഥാനങ്ങളോൎക്കുകിൽ
ഹൃത്പത്മനിലയം വിട്ടാ-
പ്രാണൻ നാഭി പദ്മവരിൽ 192

പ്രകാശമയനായ് പ്രാണൻ
നിലകൊള്ളുന്നു സൎവ്വദാ
ദൃഷ്ടാന്തമൊന്നുമെയില്ല
യെന്നാലുമുരചെയ്തിടാം 193

സുഷുപ്തിയിങ്കലജ്ഞാന
മുണരുന്നേരമെങ്ങിനെ
അറിഞ്ഞിടുന്നിതവ്വണ്ണ
മുണരാതാനിലക്കവെൻ 194

പ്രകാശം മാത്രമറിയു-
മതുതുൎയ്യമുരക്കുകിൽ
സുഷുപ്തിയിങ്കലിരുളും
താൻമെവ്വണ്ണമെങ്ങിനെ. 195

തുൎയ്യദേശത്തിലാചിത്തും
താൻമല്ലാതെയൊന്നുമെ
നിലകൊള്ളുകയേയില്ല
ത്രിപുടിമുടിവില്ലദം 196

Since1923

പ്രാണനാ,തുര്യ നിലയെ
വിട്ടു മൂലം ഗമിക്കുകിൽ
ജ്ഞാനജ്ഞേയങ്ങളും വിട്ടു
ജ്ഞാനമായ് പ്രാണനങ്ങിനെ 197

സ്വയം സ്വരൂപമായ് നില്ക്കും
തുര്യാതീതമിതാണു തെ.
മൂലാധാരംമുതൽ പ്രാണൻ
ഭാവനായോഗശക്തിയെ 198

വളർത്തി മേലെയേറിടും
തോറുമായോഗശക്തിയാൽ
ജാഗ്രദാദി സുഖം ജാത
മായിടും ഹൃദയംവരെ. 199

ലോകവ്യാപാരവിഷയ
ത്തിങ്കലാസുഖമോർക്കുകിൽ
അനാഹതം കടന്നൊന്നാൽ
തുര്യസൌഖ്യം ലഭിച്ചിടും 200

വിശുദ്ധ്യാ ജ്ഞാതലം തുര്യാ-
തീതം മൌനം പരംപദം
അതീതകോടി ജന്മത്തിൻ
പുണ്യത്താലുളവാമിതു്. 201

Since 1923

(മരണവിജ്ഞാനകിരണം.)

പിത്തനാഡിനടക്കാതെ
നിന്നീടിൽ മരണം വരും
ശ്ലേഷ്മനാഡി ബലപ്പെട്ടാൽ
മരണം സംഭവിച്ചിടും 202

നാഡി മൂന്നും ക്ഷയിച്ചാലും
വൎദ്ധിച്ചാലും മരിച്ചിടും
പിത്തം ക്ഷീണിക്കിലും ശ്ലേഷ്മം
വൎദ്ധിച്ചെന്നാകിലും പരം 203

ക്രമത്തോടൊത്തവൻ വാത
മിരുന്നാലൌഷധത്തിനാൽ
ജീവനെ കാത്തുകൊള്ളാമെ
ന്നാരായേണം ഭിഷക്ക്വരൻ. 204

തേളുപോൽ നാഡികൾ മൂന്നും
മന്ദമായിട്ടു പോവുകിൽ
മൃത്യുവായുവരും സന്നി
യുണ്ടാകും ചില നാളിവൻ 205

കിടന്നു മാസം തികയും
മുൻപായിട്ടു മരിച്ചിടും
ശ്ലേഷ്മവാതങ്ങൾ ബലമായ്
പിത്തം ക്ഷീണിക്കിലും മൃതി 206

Since 1923

സ്ഥാനത്തു നാഡിയോടാതെ
മേല്പോട്ടേറി നടക്കയും
കണ്ണീന്നു നീരൊഴുകിയും
നാസാദ്വാരം തുറക്കയും 207

മുഖം വികാരപ്പെട്ടിട്ടു
നീണ്ടുതോന്നുകയും തഥാ
വായിൽ കഫം കൊഴുത്തീടും
ഗ്ഗദം കീഴ്ദരം പരം 208

മേലോട്ടേറീടുമിച്ചൊന്ന
ലക്ഷണങ്ങൾ ക്രമത്തോടെ
കണ്ടുവെന്നാൽ മരിച്ചീടു-
മെന്നു ബോധിച്ചുകൊള്ളുക. 209

നെററിയിൽ രണ്ടു സിരകൾ
നീലിമപ്പെട്ടുകൊണ്ടതു
തടിച്ചു കാണിലാമത്ത്യ
നാറാം മാസം മരിച്ചിടും 210

ചുണ്ടിന്നു ചുററുമായ് രേഖ
പോലെയൊരു നിറംവരിൽ
അഞ്ചേഴുമാസമകമാ
യവൻമരണമാർന്നിടും 211

Since 1923

കഴുത്തിൽ വേദനിച്ചിട്ടു
പാൎശ്വനാഡികളുഗ്രമായ്
തെറിച്ചു ദേഹം വിളറി
മെലിഞ്ഞു പുരികം പരം 212

തളൎന്നു നീലിമനിറം
ഭ്രൂകളിൽ നീണ്ടുകാണുകിൽ
നാലുമാസത്തിലാമൎത്ത്യൻ
മരണത്തിലകപ്പെട്ടും 213

മുഖം കറുത്തും മൂത്രത്തിൽ
ശവത്തിൻ വാടവീശിയാൽ
മൂന്നാം മാസം മരിച്ചീട്ടു-
മാമൎത്ത്യൻ സംശയം വിനാ 214

മുഖം ഘനത്തു വിളറി
കണ്ടാലാമാസമെ മൃതി.
ആനനം ചീൎത്തുവിളറി
പുരികങ്ങളുയൎന്നീടിൽ 215

രണ്ടാംമാസം മരിച്ചീട്ടു-
മതിനില്ലൊരു സംശയം
ബോധം വളൎന്നു ശ്വാസത്തിൻ
മുട്ടുണ്ടായാൽ മരിച്ചീടും. 216

Since 1923

മൂക്കിൻെറ നടുവിൽ നാഡി
തെറിച്ചാലായവൻ തഥാ
മുപ്പത്തൊന്നാം ദിനത്തിങ്കൽ
മരണത്തിലകപ്പെടും 217

നാസികാ നയനാം രണ്ടു-
മുള്ളിലേറിട്ടു കാണുകിൽ
മരണം സംഭവിച്ചീടും
ശ്രദ്ധയോടിതറിയണം 219

സംസാരിക്കുമ്പൊഴാനാദം
ഹൃദയത്തിലടങ്ങുക
എന്നാലാമാനവൻ മൂന്നാം
മാസത്തിൽ മരണപ്പെടും 219

ദേഹം സ്ഥൂലിച്ചു സരണ-
മുണ്ടായി ഹൃദയം പരം
തപിച്ചു കൊണ്ടിരുന്നീടി-
ലായാണ്ടിൽ മരണപ്പെടും 220

ശവവാസന വായ്നിന്നു
വന്നീട്ടുദ്ദേശവാക്കുകൾ
തെററിപ്പോവുകയുണ്ടായാൽ
മൂന്നാം മാസം മരിച്ചിടും 221

Since 1923

പാനംചെയ്യുന്ന പാനീയം
മൂത്രമായ് പിരിയാതെയും
ഇല്ലാത്ത മര്‍ത്ത്യനെ തന്‍െറ
കണ്ണില്‍കാണുന്ന പോലെയും 222

കണ്ടാലാമാനവന്നാറൊ
പത്തൊ മാസത്തിനുള്ളിലായ്
ദേഹംവെടിഞ്ഞു പോകേണ്ട
തായീട്ടു വരുമോക്ഷണം 223

നെെ പുരട്ടിയപോല്‍ ദേഹം
മിനുത്തും കൈത്തലം പരം
ചുരുങ്ങിയും കണ്ടുവെന്നാ
ലെട്ടാം മാസം മരിച്ചിടും 224

വിയപ്പില്‍ നെയ്മയം കണ്ടു
നെഞ്ചുയര്‍ന്നിട്ടു മഞ്ചകൾ
മെലിഞ്ഞു ദേഹം വികല
പ്പെട്ടാലബ്ദാണ്ടിലാം മൃതി. 225

തന്‍െറ വിരലിലൊന്നിന്മേല്‍
ശ്രദ്ധവച്ചിട്ടു നോക്കുക
രണ്ടായിക്കണ്ടുവെന്നാകില്‍
മൂന്നാം മാസം മരിച്ചിടും 226

Since 1923

കഴുത്തു നീണ്ടു മെലിവായ്
പിൻകഴുത്തൊട്ടിരുന്നതായ്
ചുളിഞ്ഞു തൊലി കണ്ടീടിൽ
രണ്ടാം മാസം മരിച്ചിടും 227

കഴുത്തിന്നിരുപാർശ്വത്തിൽ
നാഡി പാരം തെറിക്കുകിൽ
ആറുമാസത്തിലധികം
ജീവിപ്പാനായ് കഴിഞ്ഞിടാ 228

അകാരണം പരം രക്തം
മലത്തോടൊത്തു പോവുകിൽ
അഞ്ചുമാസത്തിലധികം
ജീവിച്ചീടുകയില്ലവൻ 229

കഴിച്ചമോരരച്ചുള്ള
മോരുപോൽ പോവുകിൽ മലം
മരണം നാലു മാസത്തി-
ലകമായനുഭവിച്ചിടും 230

കലക്കിയുള്ള കുളെന്ന
പോലെ പോവുകയും മലം
വയറുനോവും കണ്ടീടിൽ
മൂന്നാംമാസം മരിച്ചിടും 231

വെള്ളപോയ്, കൈവിലാവന്ത-
ർഭാഗത്തും നെഞ്ചിലും പാരം
കുത്തുനോവുളവായീടിൽ
രണ്ടാംമാസം മരിച്ചിടും 232

കള്ളപോലെ വെളുത്തിട്ടും
നരച്ചും കന്നുകഞ്ഞിയെ
പോലെയായും മലം കണ്ടാൽ
രണ്ടാംമാസം മരിച്ചിടും. 233

വിചാരിക്കുമ്പൊഴേക്കും തൻ
മൂത്രം നീലനിറത്തോടെ
പോയീടിലാനരൻ രണ്ടാം
മാസത്തിൽ മരണപ്പെടും 234

മഞ്ഞുവെള്ളംപോലെ മൂത്രം
തെളിഞ്ഞുവീണതപ്പൊഴെ
പന്നിനെയ്യെന്നപോൽ കണ്ടാൽ
പതിനാറാം ദിനം മൃതി. 235

മലം ബന്ധിക്കയും താനെ
യിളകിപ്പോകയും തഥാ
ബോധക്ഷയമതിൽ ചേൎന്നാ
ലഞ്ചാം നാളിൽ മരിച്ചിടും 236

Since 1923

കെട്ടതാം കോഴിമുട്ടേടെ
ദുർഗ്ഗന്ധം ദേഹമാർന്നിടിൽ
മൂന്നാം ദിനമവൻ മൃത്യു-
വായിൽ പെട്ടീടുമെ ദൃഢം 237

അരച്ച പച്ചിലക്കൊത്ത-
പോലെയും വിവിധങ്ങളായ്
നാററമായും മലം കണ്ടാൽ
രണ്ടാം നാളിൽ മരിച്ചിടും 238

ശിരസ്സിൽനിന്നു പൂയത്തിൻ
നാററവും കള്ളപോലവെ
മൂത്രം കാണുകയും ലിംഗ-
ത്തിങ്കൽ ബന്ധിച്ചതങ്ങിനെ 239

കണ്ടീടിലാനരൻ രണ്ടാം
മാസത്തിൽ താൻ മരിച്ചിടും
മൂത്രം ധാരാളമായ് വണ്ണ-
പ്പെട്ടിട്ടു വീഴുമെങ്കിലും 240

പതയില്ലാതെ കണ്ടീടി-
ലേഴാം മാസമവൻ ദൃഢം
മരിച്ചുപോകുമെന്നോർത്തു-
കൊണ്ടിടേണം ഭിഷക്വരൻ. 241

വാതശൂലാസന്നി ഗുന്മൻ
ഗജമൂത്രം പ്രമേഹവും
കാമിലാ പാണ്ഡുരോഗങ്ങൾ
ക്ഷയവും ശ്ലേഷ്മവും തഥാ. 242

മഞ്ഞക്കാമില ഹൃദ്രോഗം
ഭ്രാന്തുയെന്നിവയിൽ പരം
സരണം കണ്ടുവെന്നാകിൽ
മരണം സംഭവിച്ചിടും 243

ഗ്രഹണീസരണം സന്നി
ജ്വരവും ശോഫവും തഥാ
അസ്ഥിജ്വരം കുടൽവാതം
ഗുന്മവും ഗജമൂത്രവും 244

പ്രമേഹം ശ്വാസകാസഞ്ച
ക്ഷയം ഹൃദ്രോഗവും തഥാ.
ബലക്ഷയമിതിൽ നീരു
കണ്ടീടിൽ മരണം വരും 245

ഗജമൂത്രം മേഹശൂലാ
ജ്വരത്തിൽ ശോഫവും തഥാ
അപസ്മാരം ജാഢരാഗ്നി
ക്ഷീണം വാതക്കഴപ്പുകൾ 246

Since 1923

ഗ്രഹണീസ്സരണം പാണ്ഡു
പ്രദരം പിത്തവും തഥാ
മഞ്ഞക്കാമിലയും രക്ത–
പിത്തമെന്നിവയിൽ പരം 247

ക്ഷീണം കാസശ്വാസമെക്കിളും
കണ്ടീടിൽ മരണം വരും
ദേഹമെങ്ങും നോവുനീരും
ശോഫവും ശൂലയും ചുമ 248

ഗജമൂത്രം രക്തവാതം
കാസശ്വാസം കിതക്കക
അഗ്നിമാന്ദ്യമപസ്മാരം
ഗുന്മമസ്ഥിജ്വരം തഥാ. 249

ഇവയിൽ സരണം കണ്ടാൽ
മരണംതന്നെ നിശ്ചയം
അതിസാരം രാജകരു
ക്ഷയം മന്ദാര കാസവും 250

ആമജ്വരത്തിലുണ്ടായ
മേഹത്തിൽ വിഷവീക്കവും
ഗർഭശ്ശൂലാമൂലവായു
ധനുർവ്വാതഞ്ച സന്നിയും 251

Since 1923

പ്രദരമിറയിൽ വായു
കഫം ചേൎന്നീട്ടു കാണുകിൽ
ആൎത്തനു മരണം വന്നു
ചേരുമെന്നോൎത്തിടേണമെ 252

മേഹത്തിലധികം മൂത്ര
മതിമൂത്രത്തിൽ മുട്ടലും
ശ്വാസം മട്ടിങ്കലെക്കിട്ട-
മെക്കിട്ടത്തിൽ കിതക്കലും 253

കിതപ്പിൽ മുട്ടലും ചേൎന്നാൽ
മരണം സംഭവിച്ചിടും
ആമത്തിൽ ജ്വരവും പിന്നെ
ജ്വരത്തിൽ മേൽ കഴക്കലും 254

കഴപ്പിൽ നീരു നീരിങ്കൽ
വയററിൽ നോവുമങ്ങിനെ
വയററുനോവിൽ ശ്വാസത്തിൻ
മുട്ടു, മുട്ടലിൽ മൂൎച്ഛയും 255

മൂൎച്ഛയിൽ മുട്ടലെക്കിട്ടം
കണ്ടീടിൽ മരണം വരും
അതിമൂത്രഗദത്തിങ്കൽ
പെരുതാം കരുവും തഥാ. 256

Since 1923

ഗുരുവിൻ ദാഹവും ദാഹെ
തൃഷ്ണമുഷ്ണത്തിൽ മൂർച്ഛയും
മൂർച്ഛയിൽ സ്വേദവും സ്വേദെ
യെക്കിളെമ്പക്കമെന്നിവ 257

കലർന്നാൽ മരണം ജാത
മായിടുമത്ര നിശ്ചയം
പിത്തത്തിങ്കൽ തഥാ ശോഫം
ശോഫത്തിൽ വായുവും തഥാ 258

പാണ്ഡു പാണ്ഡുവിലർശസ്സ്
അർശസ്സിൽ കഫബന്ധവും
കഫബന്ധത്തിലവ്വണ്ണം
മൂർച്ഛയെക്കിട്ടുമെന്നിവ 259

കലർന്നുവെന്നാൽ മരണം
സംഭവിച്ചീടുമോർക്കണം
പനിയിൽ കഴപ്പുമവ്വണ്ണം
കഴപ്പിൽ ദോഷകോപവും 260

ദോഷകോപെ തഥാ സന്നി
സന്നിയിൽ കഫബന്ധവും
കഫത്തിൽ വായുവും വായു
തന്നിൽ ദേഹം തളർച്ചയും 261

Since 1923

തളൎച്ചയിൽ വായുമുട്ടം
ഏക്കിട്ടമിവ കൂടിയാൽ
ആൎത്തനു മരണം വന്നു
കൂടീടുമത്ര നിശ്ചയം 262

അസ്ഥിയിൽ വായുവാവായു
വിങ്കൽ പാരം തളൎച്ചയും
തളൎച്ചയിൽ നീരുനീരിൽ
ശീതളം ശീതളെ കഫം 263

കഫബന്ധത്തിലെക്കിട്ടം
മൂൎഛയെന്നിവചേരുകിൽ
മരണം വരുമെന്നോൎത്തു
കൊണ്ടീടേണം ഭിഷക്കുവരൻ 264

ദോഷത്രയത്തിലാപിത്തം
ക്ഷീണിച്ചു വാതശ്ലേഷ്മവും
കലൎന്നുശ്വാസം മുട്ടുണ്ടായ്
ദേഹമേറെ വിളൎക്കുകിൽ 265

കൈകാൽ തളൎന്നു വല്ലാതെ,
നാസികാനയനങ്ങളിൽ
നീർവാൎന്നുനാവുണങ്ങീട്ടു
ദന്തത്തിൽ കൃഷ്ണമാം നിറം 266

Since 1923

കലൎന്നു ഛൎദ്ദിയുണ്ടായാൽ
മൃതിയാണെന്നുറയ്ക്കണം
വാതശ്ലേഷ്മങ്ങൾ ക്ഷീണിച്ചു
കഫം വൎദ്ധിച്ചുകൊണ്ടവൻ 267

ഛൎദ്ദിയെക്കിട്ടമുണ്ടായി
നെഞ്ചടച്ചു തളൎന്നിടും
വിയൎത്തുകൺമയങ്ങീട്ടു
മൂക്കടച്ചു മുഖത്തിനാൽ 268

ശ്വാസോശ്വാസമെടുത്തീട്ടു
നാക്കണങ്ങും മരിച്ചിടും
മലമൂത്രങ്ങൾ ബന്ധിച്ചി-
ട്ടൊളിനീർ ദേഹമാകവെ 269

പരന്നു കൈകാലുകളിൽ
നീരുവൎദ്ധിച്ചവൻ വയർ-
വേദനിച്ചുലരും നാവു
ഛൎദ്ദിയെക്കിട്ടമുട്ടലും 270

കണ്ടീടിലാരോഗി മൃത്യു
വശനാണെന്നു നിശ്ചയം
മലമൂത്രങ്ങൾ ബന്ധിച്ചു
ദേഹത്തിൽ നീരുവന്നിടും 271

Since 1923

നെഞ്ചിൽ കഫം കെട്ടി ഭക്ഷി-
ച്ചീടുകിൽ ഛർദ്ദിവന്നിടും
എക്കിളും വയറിൻനോവും
വിളർത്തു തളരും തനു 272

ശീതളിച്ചു വിറച്ചിടും
കൈക്കപ്പലകഴച്ചിടും
കൈകാൽ പുറം നീരുകാണും
നെഞ്ചിൽ സ്വേദം ജനിച്ചിടും 273

ഈ ലക്ഷണങ്ങളുണ്ടായാൽ
മരണം സംഭവിച്ചിടും
തടഞ്ഞു മലമൂത്രങ്ങ-
ളുദരം വീർത്തുകണ്ടിടും 274

വായുമുട്ടും പാദപാണീ
തലത്തിൽ നീരുകണ്ടിടും
തളർച്ചസംഭ്രമം ദീർഘ-
ശ്വാസവും ബുദ്ധിവിഭ്രമം 275

ദുഃഖിച്ചു കൈകളാൽമീത്ത
ചേഷ്ടകാട്ടും മരിച്ചിടും
കഫംമൂലം ഗമിച്ചിട്ടു
ശ്വാസംമുട്ടുളവായിടും 276

Since 1923

പ്രാണവായ്വിളകി നെഞ്ചിൽ
കണ്ഠത്തിൽ കെട്ടിടും കഫം
കൺചുവന്നിട്ടു ദേഹത്തിൽ
നീരുണ്ടായി വിളർത്തിടും 277

പക്വാശയം നീരുകെട്ടി
മൂലാഗ്നി വിലയപ്പെടും
അന്നദ്വേഷം വയർനോവും
ഛർദ്ദിയെക്കിട്ടവും വരും 278

ദർശനാദികളും വാത
പിത്തവും ക്ഷീണമാർന്നിടും
കഫം വർദ്ധിച്ചിടും വായു
മുട്ടിടും മരണം വരും 279

വാതപിത്തങ്ങൾ ശ്ലേഷ്മത്താൽ
തളർന്നു രോഗസഞ്ചയം
കപാലവഴിയായ്ക്കൂടി
ദേഹമാകെ പരന്നിടും 280

പിത്തത്തിലുഷ്ണം ചേർന്നിട്ടു
ജനിക്കും രോഗസഞ്ചയം
ഔഷധങ്ങൾക്കു കീഴ്പ്പെട്ടു
നില്ക്കും, വാതത്തിലങ്ങിനെ 281

കഫം കലർന്നിട്ടുളവാം
ഗദം മൃത്യുവശപ്പെടും
ഈ ദ്വന്ദ്വഭേദം പ്രഥമം
ചിന്തിക്കേണം ഭിഷക്വരൻ 282

Since 1923

(ഭക്ഷണം)

ഉദരം പാതി നിറയും-
വരെ ഭോജ്യം ഭുജിക്കണം.
കാലംശം നീർ കുടിക്കേണം
ശേഷം വായു ചരിക്കുവാൻ 283

ഒഴിച്ചിടേണം, സമ്പൂർണ്ണ-
മാകുംവണ്ണം ഭുജിക്കുകിൽ
വായുരോധിച്ചിടും ജീർണ്ണ-
ശക്തിയില്ലാതെയായിടും 284

ഘൃതാമ്ലതിക്തലവണം
മരിചാദികളെന്നിവ
ഉപഭുക്തപദാർത്ഥത്തോ-
ടൊത്തുചേർത്തു ഭുജിക്കണം 285

ഖാദ്യം, ഭോജ്യം, തഥാ ലേഹ്യം,
പാനമെന്നു ചതുർവ്വിധം
ഭക്ഷ്യവസ്തുക്കളെക്കൊണ്ടു
മദ്ധ്യാഹ്നത്തിൽ ഭുജിക്കണം 286

അന്നമേറീടിലും ദോഷം
കുറഞ്ഞീടുകിലും തഥാ
ഭക്ഷ്യവസ്തുക്കളിൽനിന്നു
ധാതുക്കളുളവായിടും 287

ധാതുക്ഷയത്താലാരോഗ്യം
ബുദ്ധിയും ധൃതിയും പരം
ക്ഷയിച്ചുപോയിടും ജീവ-
കലകൾക്കും ക്ഷയം വരും 288

Since 1923

ഫലവസ്തുക്കളൂർദ്ധ്വാംഗ-
ഭാഗത്തേക്കു ഫലം തരും
ക്ഷീരങ്ങളെല്ലാം രക്തത്തി-
ലൂടെ വ്യാപിച്ചുനിന്നിടും 289

ഘനത്ത ത്വക്പദാർത്ഥങ്ങളും
മാംസത്തിൽ നിലകൊണ്ടിടും
പത്രങ്ങളെല്ലാം ത്വക്കിങ്കൽ
ഫലമേകുന്നതായിടും 290

കന്ദം പക്വാശയം തന്നിൽ
ഫലം നല്കീട്ടു നിന്നിടും
മൂലങ്ങളും പാദഭാഗത്തെ
പ്രാപിച്ചു ഗുണമേകിടും 291

ബീജങ്ങളിന്ദ്രിയസ്ഥാനം
പ്രാപിക്കു,മതുപോലവെ
പുഷ്പം ജ്ഞാനേന്ദ്രിയംതോറും
ചെന്നു തൽഗുണമേകിടും 292

സപ്തധാതുക്കളായിട്ടും
മലമൂത്രങ്ങളാകിയും
നവാംശമായിപ്പിരിയും
ഭക്ഷണങ്ങളശേഷവും 293

ഭക്ഷണങ്ങളിലേതേതു
ധാതുക്കളും ബലവത്തേഴും
ആ ധാതുവിങ്കലധികം
ബലം നല്കീടുമായതു്. 294

Since 1923

ഘൃതാജ്യക്ഷീര മധുര-
വസ്തു ചേൎന്നുള്ള ഭക്ഷണം
ഷോഡശം മുഷ്ടിഭോജ്യത്തെ
ഭുജിച്ചതു ദഹിച്ചിടിൽ 295

രണ്ടു ബിന്ദുജനിച്ചീടും
വിന്ദു ചിന്തികലൊയത്
ഏകസംയോഗകാലത്തിൽ
ഷോഡശം ബിന്ദു നഷ്ടമാം. 296

ആകയാൽ പുത്രസിദ്ധിക്കു-
മാത്രം സംഗമമുത്തമം
ആ സതീപതികൾക്കുണ്ടാം
പുത്രന്മാർ ലോകപൂജിതർ 297

ആരോഗ്യമായുസ്സ്വൎണ്ണം
ബുദ്ധിയും ധൃതിയും പരം
സ്ഫുരിക്കും ലോകദൃഷ്ടിക്കു
കാണാമതിനെഴും ഗുണം 298

ആകയാൽ മിതഭുക്കായി
മിതക്രിയകളോലുകിൽ
തനിക്കും സന്തതിക്കും ത-
ദ്ധൎമ്മം സൌഖ്യം കൊടുത്തിടും 299

ഇഹപാരത്രികത്തിങ്ക-
ലാനന്ദമുളവാക്കിടും
മോക്ഷപ്രാപ്തിക്കു സമ്പൂൎണ്ണ-
നിദാനശ്ശുഭദം ശുഭം. 300

Since 1923

# "ദണ്ഡികാസത്ത്."

## ഉന്മാദരോഗം പതിനെട്ടിനും

## ഏക സിദ്ധൌഷധം.

ഇതു മൌനോന്മാദംമുതൽ വളരെ ശല്യപ്പെടുത്തി ബഹളംകൂട്ടുന്ന ഏതുതരം രോഗത്തിനും $\frac{1}{8}$ ഔൺസ് മുതൽ $\frac{1}{4}$ ഔൺസ് വരെ രണ്ടുനേരവും കൊടുക്കുക. അസഹ്യതപ്പെടുത്തുന്ന ഏതു രൂക്ഷമേറിയ ഭ്രാന്തായാലുംകൂടി രണ്ടോ, മൂന്നോ നേരത്തെ ഔഷധസേവകൊണ്ടു സുഖം കാണുന്നതാണ്.

**4 ഔൺസ് കുപ്പി 1ക്ക് 2–8–0**

Since 1923